# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-12-1882/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 15-10-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്

(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-12/1882/2016 തിയ്യതി: 15-10 -2016

## പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-1-2016 മുതൽ 21-9-2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-9-2016 മുതൽ 29-9-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ |
|---|

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |
| ശ്രീമതി.കെ.എ.ഫസീല | ഓഡിറ്റർ |

<u>(ബി) നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എ.കെ.ഷീലാദേവി ടീച്ചർ | 1-4-2015 മുതൽ 31-10-2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 11-11-2015 വരെ |
| | ശ്രീ.കെ.ജയദേവൻ | 12-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ.കെ.സെയ്തലവി | 1-4-2015 മുതൽ 19-4-2015 വരെ<br>20-5-2015 മുതൽ 8-2-2016 വരെ<br>24-2-2016 മുതൽ 31-3-2016 വരെ |
| | ശ്രീ.കെ.ബി.സജീവ്കുമാർ, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ-ചാർജ്ജ്) | 20-4-2015 മുതൽ 19-5-2015 വരെ |
| | ശ്രീ.എ.ശശീധരൻ നായർ, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ-ചാർജ്ജ്) | 9-2-2016 മുതൽ 23-2-2016 വരെ |

| | | |
|---|---|---|

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ജോസഫ്.ടി.എം | 1-4-2015 മുതൽ 6-7-2015 വരെ |
| | ശ്രീ.ചാക്കോച്ചൻ.വി.കെ | 7-7-2015 മുതൽ 2-2-2016 വരെ |
| | ശ്രീ.രാജൻ.പി | 3-2-2016 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ഷെമി.വി.എസ് | 1-4-2015 മുതൽ 30-12-2015 വരെ |
| | ഡോ.ശരവണൻ | 31-12-2015 |
| | ഡോ.അനു.എസ്.ജയറാം | 1-1-2016 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | ശ്രീമതി.ശാന്തിനി.എൻ.കെ | 1-4-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബീന.സി.എൽ | 1-4-2015 മുതൽ 23-12-2015 വരെ |
| | ശ്രീമതി.കെ.എച്ച്.ഹയറുന്നീസ | 24-12-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.കെ.പി.ബാലകൃഷ്ണൻ | 1-4-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-PHC | ഡോ.അശോകൻ | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-ISM | ഡോ.അനിജ.എസ് | 1-4-2015 മുതൽ 31-3-2016 വരെ |
| എച്ച്.എം | ശ്രീ.ശങ്കരൻ.കെ.വി | 1-4-2015 മുതൽ 31-3-2016 വരെ |
| അസി. സെക്രട്ടറി | ശ്രീ.കെ.ബി.സജീവ്കുമാർ | 1-4-2015 മുതൽ 25-8-2015 വരെ |
| | ശ്രീ.എ.ശശീധരൻ നായർ | 26-8-2015 മുതൽ 31-3-2016 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 24-2-2015 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 123325428 രൂപയും ചെലവ് 115580000 രൂപയുമാണ്.

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 21-7-2016 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടില്ല. |

# 1-4 സാമ്പത്തിക വിശകലനം

| | 2015-16 |
|---|---|
| മുന്നിരിപ്പ് | 5366531.50 |
| വരവ് | 27742248 |
| ആകെ | 33108779.5 |
| ചെലവ് | 30924711 |
| നീക്കിയിരിപ്പ് | 2184068.50 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു | 234499 | 3068583 | 3303082 | 3303082 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| വിഭാഗം | | | | | | |
| വികസന ഫണ്ട് എസ്.സി.പി | 130574 | 6184513 | 6315087 | 6315087 | 0 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 16571 | 3605685 | 3622256 | 3622256 | 0 | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 325864 | 2239559 | 2565423 | 2565423 | 0 | |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 76280 | 2171535 | 2247815 | 2247815 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 1503325 | 475000 | 1978325 | 1978325 | 0 | |
| എം.എൻ.ആർ.ഇ. ജി.എസ്. | 11905 | 12203706 | 12215611 | 12212892 | 2719 | 100% |
| ബി ഫണ്ട് | 0 | 520326 | 520326 | 520326 | 0 | 100% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | (എണ്ണം) | | | | ക്കിയത് (എണ്ണം) | |
| 2015-16 | 127 | 31312977 | 117 | 22313061 | - | 10 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 92% പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 71% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 1107961 | 1698033 | 590072 | +(53) |
| നികുതിയേതര വരവുകൾ | 131089 | 183096 | 52007 | +(40) |
| ആകെ | 1239050 | 1881129 | 642079 | +51.82 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | 2014-15 | |
|---|---|---|
| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 193800 | 122 |
| കർഷകതൊഴിലാളി പെൻഷൻ (നേരിട്ട് നൽകിയത്) | 3371490 | 432 |

| | | |
|---|---|---|
| വിധവാപെൻഷൻ (നേരിട്ട് നൽകിയത്) | 6553720 | 658 |
| വാർദ്ധക്യകാല പെൻഷൻ (നേരിട്ട് നൽകിയത്) | 6925860 | 970 |
| വികലാംഗ പെൻഷൻ (നേരിട്ട് നൽകിയത്) | 1827895 | 174 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ (നേരിട്ട് നൽകിയത്) | 850120 | 92 |
| ആകെ | 19722885 | |

# 1-9 ഫണ്ടുകളുടെ വകമാറ്റൽ

ഫണ്ടുകളുടെ വകമാറ്റൽ ഉണ്ടായിട്ടില്ല.

# 1-10 ഫണ്ട് ഷോർട്ട് ഫാൾ (സംസ്ഥാന ബജറ്റിന്റെ അനക്സർ IV പ്രകാരം)

2015-16 വർഷത്തിൽ ഷോർട്ട്ഫാൾ ഉണ്ടായിട്ടില്ല.

# 1-11 പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ പ്രവർത്തനം

2015-16വർഷത്തിൽ 5 തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. മിനിറ്റ്സിൽ തീരുമാനങ്ങളുടെ വിശദാംശങ്ങൾ എഴുതുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. പല യോഗങ്ങളും ചേർന്ന തിയതി രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ നിരക്കുകൾ താരതമ്യം ചെയ്ത് ടെണ്ടർ ഉറപ്പിച്ച നൽകിയതിന്റെ വിശദാംശങ്ങളും രേഖപ്പെടുത്തുന്നില്ല. വാങ്ങലുകളുടെ എല്ലാ വിശദാംശങ്ങളും മിനിറ്റ്സിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റ് കമ്മിറ്റി യോഗം ചേർന്നതിന് രേഖകളില്ല.

# 1-12 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്തിൽ 'കനിവ്' എന്ന പേരിൽ പ്രസിഡൻറിന്റെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. 31-3-2016ൽ ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിലെ

നീക്കിയിരിപ്പ് 6841 രൂപയാണ്. ദുരതാശ്വാസനിധിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.

# 1-13 തെരുവുവിളക്കുകളുടെ പരിപാലനം/വൈദ്യുതി ചാർജ്ജ്

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താഴെ പറയും പ്രകാരം തെരുവു വിളക്കുകളുണ്ട്.

| ഇനം | എണ്ണം |
|---|---|
| സിഎഫ്എൽ 1*18 വാട്ട് | 267 |
| സോഡിയം വേപ്പർ ലാമ്പ് 250 വാട്ട് | 16 |
| ഓർഡിനറി ബൾബ് 100 വാട്ട് | 204 |
| ഓർഡിനറി ബൾബ് 40 വാട്ട് | 29 |
| ഫ്ലൂറസന്റ് ട്യൂബ് 2*40 വാട്ട് | 3 |

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിൽ ഇല്ലാത്തതിനാൽ വൈദ്യുതിബോർഡിന്റെ ഡിമാന്റ് അനുസരിച്ചുള്ള തുകയാണ് ഒടുക്കിവരുന്നത്. പ്രതിമാസം 43000 രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്.__നിലവിലില്ലാത്ത ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.

# 1-14 കുടിവെള്ള പദ്ധതികളുടെ വിവരം

ഗ്രാമപഞ്ചായത്ത് കുടിവെള്ളപദ്ധതികളൊന്നും പരിപാലിക്കുന്നില്ല. കുടിവെള്ള പദ്ധതികളെല്ലാം ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ട്. ഗുണഭോക്തൃസമിതിയുമായി ഒപ്പുവെക്കുന്ന എഗ്രിമെന്റുകൾ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 പൊതു ടാപ്പുകളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ ജല അതോറിറ്റിയുടെ പൊതുടാപ്പുകളൊന്നും നിലവിലില്ല.

## 1-16 ഗ്രാമസഭകളുടെ അവലോകനം

ആകെ 13 വാർഡുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. 2015-16 വർഷത്തിൽ മൂന്ന് ഗ്രാമസഭകൾ വീതം ഓരോ വാർഡിലും ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

## 1-17 സ്റ്റാന്റിംഗ് കമ്മിറ്റി

സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

## 1-18 വർക്കിംഗ് ഗ്രൂപ്പുകൾ

12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിനും പ്രത്യേകം മിനിറ്റ്സുകൾ സൂക്ഷിച്ചിട്ടുണ്ട്.

## 1-19 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-9-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11599/-രൂപയുടെ നീക്കിയിരി പ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-20 ആഭ്യന്തരനിയന്ത്രണം

വിവിധ സെക്ഷനുകൾക്ക് ജോലികൾ കൃത്യമായി വിഭജിച്ച നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില മോശമായ അവസ്ഥയിലാണുള്ളത്. തനത് വരുമാനം ഉയർത്തുന്നതിനുള്ള ക്രിയാത്മക നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിലും, അനധികൃത സ്ഥാപനങ്ങളെ ലൈസൻസ് ഫീസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിലും വീഴ്ച വരുത്തിയതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം ക്രിയാത്മകമല്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# 1-21 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8-9-2016 | 8/2016 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3-4-2010 മുതൽ 20-4-2010 വരെ | 1-4-2005 മുതൽ 31-3-10 വരെ | 1-6-2010 |

# 1-22 പൊതു വിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 22.01 ച.കി.മീ |
| വാർഡുകൾ | 13 |
| ജനസംഖ്യ | 19300 |
| സ്ത്രീ | 9793 |
| പുരുഷൻ | 9507 |
| പട്ടികജാതി | 2446 |
| പട്ടികവർഗ്ഗം | - |
| ബ്ലോക്ക് | ശ്രീകൃഷ്ണപുരം |
| നിയമസഭാ മണ്ഡലം | ഒറ്റപ്പാലം |
| ലോകസഭാ മണ്ഡലം | പാലക്കാട് |

| | |
|---|---|
| താലൂക്ക് | ഒറ്റപ്പാലം |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

2015-16 വർഷത്തെ വാർഷിക കണക്ക് പ്രകാരം തൻവർഷത്തെ വസ്തുനികുതി ഡിമാന്റ് 1113153 രൂപയാണ്. വരവ് 669414 രൂപയും ബാലൻസ് 443739 രൂപയുമാണ്. തൻവർഷം വിവിധ വാർഡുകളിലായി 131 പേരുടെ നികുതി അസ്സസ്സ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. സാംഖ്യയിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതിദായകരുടെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ നാളിതുവരെ ചേർത്തിട്ടില്ല. എക്സൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് താത്കാലികമായി തയ്യാറാക്കിയ ഡിമാന്റ് രജിസ്റ്ററിൽ പല നികുതിദായകരുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വസ്തു നികുതി ഡിമാന്റ് രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഡിമാന്റ് ചെയ്യാത്തതുമൂലം നഷ്ടം

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

കാട്ടുകുളം ശാഖാ തപാലാപ്പീസിലെ രണ്ട് ജീവനക്കാരുടെ 2015-16 ലെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഒന്നാം

അർദ്ധവർഷത്തിൽ ആകെ 600 രൂപ ഈടാക്കിയിട്ടുണ്ട്. രണ്ടാം അർദ്ധവർഷത്തിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല.

ബി) സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കേരള സിവിൽ സപ്ലൈസ് കോർപറേഷൻ | 2015-16ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ. |
| 2 | പൂക്കോട്ടുകാവ് സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് | 2015-16ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ. |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6/27-9-2016 നുള്ള മറുപടിയിൽ നികുതി ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

# 2-3 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് ഈടാക്കുന്നില്ല

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കോഴി ഫാമുകളും ഡയറി ഫാമുകളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നതായി കാണുന്നു. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകളും ഡയറി ഫാമുകളും ലൈവ്സ്റ്റോക്ക് ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. താഴെ ചേർത്തിട്ടുള്ള വ്യക്തികളുടെ ഫാമുകൾ ലൈവ്സ്റ്റോക്ക് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

| | |
|---|---|
| 1. | ഇബ്രാഹിം.സി.പി,ചെറുവാതൊടി പടിഞ്ഞാറേതിൽ, ചെർപ്പുളശ്ശേരി, പാലക്കാട് . |
| 2. | ത്രിവിക്രമൻ.കെ.എം, അംബ ഡയറി ഫാം, മൂത്തേടത്ത് മന, ഷൊർണ്ണൂർ , പാലക്കാട്. |
| 3. | മോഹൻദാസ്.പി, പുതുതൊടി ഹൗസ്, കുളക്കാട്, പാലക്കാട്. |
| 4. | സുലൈമാൻ, നെല്ലിങ്കര, കാട്ടുകുളം, പൂക്കോട്ട്കാവ് പാലക്കാട്. |
| 5. | ഒ.പി.ബാലകൃഷ്ണൻ, താനിക്കുന്ന്, കടമ്പൂർ, ഒറ്റപ്പാലം. |
| 6. | ജിജിമോൻ, തെക്കേക്കര ഹൗസ്, മുന്നൂർക്കോട്, ഒറ്റപ്പാലം. |
| 7. | മുരളീധരൻ, പരിയാരത്ത് |
| 8. | ഹംസ, കാടാംതൊടി, വീരമംഗലം. |

മേൽ സ്ഥാപനങ്ങളിൽനിന്നും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ലൈവ്സ്റ്റോക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

എ) പഞ്ചായത്ത് പ്രദേശത്തുള്ള നാല് സ്വകാര്യ മൊബൈൽ ടവറുകളുടെ വസ്തു നികുതി 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ

ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം |
|---|---|---|
| 1 | 8/326 | ഭാരതി എയർടെൽ ലിമിറ്റഡ് |
| 2 | 12/280 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് |
| 3 | 12/17 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് |
| 4 | 3/52 | വോഡാഫോൺ |

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയത്തിൽ പരാമർശം ഉണ്ടായിരുന്നുവെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) മേൽ പട്ടികയിലെ ടവറുകൾ കൂടാതെ ബി.എസ്.എൻ.എല്ലിന്റെ മൂന്ന് മൊബൈൽ ടവറുകൾ കാട്ടുകുളം, പൂക്കോട്ട്കാവ്, കല്ലുവഴി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽനിന്നും സ.ഉ(ആർ.ടി) 2640/12/ ത.സ്വ.ഭ.വ തീയതി 19-9-2012 പ്രകാരം വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. നിലവിൽ കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നതിനാൽ കേസിന്റെ വിധിക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.സി കുട്ടികൾക്ക് മേശ, കസേര നൽകൽ - വാങ്ങൽ നടപടികളിലെ അപാകതമൂലം വികസന ഫണ്ടിന് നഷ്ടം

പ്രോജക്ട് നം. 88/16- 5, 6, 11,1 12 ക്ലാസിലെ കുട്ടികൾക്ക് പഠന സഹായിയായി മേശ, കസേര നൽകൽ

അടങ്കൽ - 552000 (വികസന ഫണ്ട് - എസ്. സി.പി )

ചെലവ് തുക – 452000 രൂപ
(ഇൻവോയ്സ് നം. – 385 / 13.10.2015 തുക – 452200)

ട്രഷറി ബിൽ നം - 04/15-16, തിയതി - 7.12.15

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതിക്കായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്കൂൾ കുട്ടികൾക്ക് ഫർണീച്ചർ വിതരണം നടത്തുന്നതിനായി 452000 രൂപയുടെ അടങ്കൽ രേഖപ്പെടുത്തി പത്ര പരസ്യം മുഖേന ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. നാല് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിച്ചുവെങ്കിലും രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നാണ് മേശയും, കസേരയും ലഭ്യമാക്കിയത്. സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽ ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടർ ഉറപ്പിച്ചുനൽകിയത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടേയും സ്റ്റോർപർച്ചേസ് മാന്വലിലേയും നിബന്ധനകൾക്ക് വിരുദ്ധമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സ്പെസിഫിക്കേഷൻ

1. 4'*2' വലിപ്പമുള്ള ടേബിൾ (ഗേജ് 18, നോവോപാൻ ടോപ്പ്)
2. ഫൈബർ ചെയർ (വിശദാംശം ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല)

ലഭ്യമായ ടെണ്ടറുകളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനം | ഫൈബർ ചെയർ | ടേബിൾ | റിമാർക്സ് |
|---|---|---|---|---|
| 1 | രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി | 825 | 2990 | ഒരു സെറ്റിന് ആകെ – 3815/- രൂപ |
| 2 | ദാസ് ഏജൻസീസ്, പാലക്കാട് | 485 | 2495 | ഒരു സെറ്റിന് ആകെ – 2980/- രൂപ |

| | | | | |
|---|---|---|---|---|
| 3 | കെ.പി.എം സ്റ്റോർസ്, ചെർപ്പുളശ്ശേരി | 300 | 2780 | ഒരു സെറ്റിന് ആകെ – 3080/- രൂപ |
| 4 | FIDCO എന്റർപ്രൈസസ്, കോഴിക്കോട് | 394 | 2942 | ഒരു സെറ്റിന് ആകെ 3336/-രൂപ |

വ്യക്തമായ നഷ്ടം

സെറ്റ് ഒന്നിന് 3815 രൂപ ക്വോട്ട് ചെയ്ത രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഉറപ്പിച്ച നൽകിയത് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മറ്റ് മൂന്ന് സ്ഥാപനങ്ങളുടെ നിരക്ക് കണക്കിലെടുക്കാതെയാണ്. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി നിരക്കുകൾ താരതമ്യം ചെയ്തിട്ടില്ല.

8.9.15 ലെ ഭരണ സമിതിയുടെ നം. 2 തീരുമാനം താഴെ ചേർക്കുന്നു.

"സ്കൂൾ കുട്ടികൾക്ക് മേശ, കസേര നൽകുന്നതിന് രാജധാനി ഏജൻസീസ് സമർപ്പിച്ച നെഗോഷ്യേറ്റ് റേറ്റ് പ്രകാരം ഒരു സെറ്റിന് 3800 രൂപ ടെണ്ടർ അംഗീകരിച്ച് സപ്ലൈ ഓർഡർ കൊടുക്കുവാൻ തീരുമാനിച്ചു".

3815 ൽ നിന്ന് 3800 രൂപയ്ക്ക് നെഗോഷ്യേറ്റ് ചെയ്യാൻ തയ്യാറാണ് എന്ന് പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളത് 11-9-2015 നാണ്. സ്ഥാപനവുമായി യഥാർത്ഥത്തിൽ നെഗോഷ്യേഷൻ നടത്തുന്നതിന് 3 ദിവസം മുമ്പേ (8.9.2015) ഭരണസമിതി തീരുമാനം കൈക്കൊണ്ടത് ക്രമപ്രകാരമല്ല. 8.11.2010ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് (പി) നം. 259/2010/ത.സ്വ.ഭ.വ പ്രകാരം നെഗോഷ്യേഷൻ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനവുമായി മാത്രമാണ് നെഗോഷ്യേഷൻ അനുവദിച്ചിട്ടുള്ളത്. മിനിറ്റ്സിൽ രേഖപ്പെടുത്തിയ തീരുമാനത്തിൽ തിരുത്തലുകൾ ഉള്ളതായും കണ്ടെത്തിയിട്ടുണ്ട്.

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ പരിഗണിക്കാതെ ഉയർന്ന നിരക്കിൽ ടെണ്ടർ ഉറപ്പിച്ച നൽകിയതുമൂലം ഉണ്ടായ നഷ്ടം താഴെപറയുന്നു.

| രാജധാനി ഏജൻസീസിന്റെ ടെണ്ടർ തുക (ഒരു സെറ്റിന്) | കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ദാസ് ഏജൻസീസിന്റെ ടെണ്ടർ തുക (ഒരു സെറ്റിന്) | വ്യത്യാസം (ഒരു സെറ്റിന്) | 119 സെറ്റിന് അധികം നല്കിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 3800 | 2980 | 820 | 97580 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. അധികം ചെലവഴിച്ച തുക 97580 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

2. സ.ഉ(എം.എസ്)നം.362/13/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം സ്റ്റീൽ/മരം ഫർണീച്ചറുകൾ 4000 രൂപയിൽ അധികരിക്കാതെ വാങ്ങി നൽകാവുന്നതാണ്. എന്നാൽ മേൽ പ്രൊജക്റ്റ് പ്രകാരം വാങ്ങി നൽകിയ കസേരകൾ ഫൈബർ ആണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതികൾ വിഭാവനം ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. 27.2.2016 ലെ ഇൻവോയ്സ് നമ്പർ 428 പ്രകാരം വീണ്ടും 22 സെറ്റ് മേശയും, കസേരയും ലഭ്യമാക്കിയിട്ടുള്ളത് സ്റ്റോക്ക് രജിസ്റ്ററിലെ പേജ് നം. 13 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫർണീച്ചറുകളുടെ വിതരണ വിവിരം രേഖപ്പെടുത്തിയിട്ടില്ല. 22 സെറ്റ് ഫർണീച്ചറുകൾ വിതരണം ചെയ്തതായി അവകാശപ്പെട്ട് 83598 രൂപ അനുവദിക്കുവാൻ 27-2-2016 ന് രാജധാനി ഏജൻസീസ് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക നാളിതുവരെ പിൻവലിച്ച് നൽകിയിട്ടില്ല. ആയതിന്റെ നിജസ്ഥിതിയെന്തന്ന് ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ഈ വിഷയത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. 8.11.2010 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് (പി) നം. 259/2010/ത.സ്വ.ഭ.വ പ്രകാരം വാങ്ങലുകൾ നടത്തുന്നത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരിക്കണം. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ നേതൃത്തിലല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. കമ്മിറ്റിയുടെ തീരുമാനങ്ങൾ മിനിറ്റ്സിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

27.9.2016 ലെ ഓഡിറ്റ് അന്വേഷണം നം. 8 ന് നിർവ്വഹണോദ്ധ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ ടെണ്ടർ സമർപ്പിച്ച 4 സ്ഥാപനങ്ങളുടെ സപ്ലൈ ചെയ്യാൻ പോകുന്ന സാധനങ്ങളുടെ സാമ്പിൾ പരിശോധിച്ച് ഏറ്റവും ഗുണനിലവാരമുള്ളതായി തോന്നിയത് 3815 രൂപയുടെ സെറ്റായതിനാലും, വർഷങ്ങളായി പഞ്ചായത്തുമായി കരാരിലേർപ്പെട്ട് തൃപ്തികരമായി സാധനങ്ങൾ സപ്ലൈ ചെയ്തു വരുന്ന സ്ഥാപനമായതിനാലുമാണ് രാജധാനിക്ക് ടെണ്ടർ ഉറപ്പിച്ചു നൽകിയതെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിന് യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. മറുപടി ഓഡിറ്റിൽ

അംഗീകരിക്കുന്നില്ല.

## 3-2 പത്താംതരത്തിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ -വിതരണം ചെയ്യാത്ത സൈക്കിളിന്റെ ചെലവ് തുക നിരാകരിക്കുന്നു

പ്രൊജക്ട് നം. 141/16-പത്താംതരം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ - 250000 (വികസന ഫണ്ട് - എസ്. സി.പി)

ചെലവ് തുക – 116000/- (ബിൽ നം.6/28-01-2016)
ഇൻവോയ്സ് നം. 409/30-12-2015, തുക – 116000 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

മേൽ പ്രൊജക്റ്റ് പ്രകാരം പത്താംതരത്തിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 32 സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 14 പ്രകാരം 32 സൈക്കിളുകളിൽ 31 എണ്ണം വിതരണം ചെയ്തിട്ടുള്ളതായും, ഒരു സൈക്കിൾ വിതരണം ചെയ്യാത്തതായും രേഖപ്പെടുത്തിയിരിക്കുന്നു.
27.9.2016 ലെ ഓഡിറ്റ് അന്വേഷണം നം. 8 നുള്ള നൽകിയ മറുപടിയിൽ സ്കൂളിൽ നിന്ന് ലഭിച്ച ഗുണഭോക്തൃ ലിസ്റ്റ് കൂടാതെ കുട്ടികളുടെ മാതാ പിതാക്കൾ നൽകിയ അപേക്ഷയും പരിഗണിച്ചതിനാൽ ഒരേ ഗുണഭോക്താവിന്റെ പേര് രണ്ട് തവണ രേഖപ്പെടുത്താനിടയായതിനാലാണ് ഒരു സൈക്കിൾ അധികം വാങ്ങാനിടയായതെന്ന് നിർവ്വഹണോദ്ധ്യോഗസ്ഥൻ അറിയിച്ചു. സൈക്കിൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചുവെങ്കിലും ഭൗതികപരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഒരു സൈക്കിളിന്റെ വിലയായ 3625 രൂപ നിരാകരിക്കുന്നു. എസ്.സി.പി ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 തെരുവു വിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത

## പരിശോധിക്കാതെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് ഒഴിവാക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ (43589*12) 523068 രൂപയാണ് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള കൃത്യമായ എണ്ണം കണക്കാക്കി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിട്ടില്ല. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള ലാമ്പുകളുടെ എണ്ണമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ലാമ്പ് | എണ്ണം | വൈദ്യുതി ബോർഡിന്റെ നിരക്ക് (16-8-2014 മുതൽ) | തുക |
|---|---|---|---|
| സാധാരണ ലാമ്പ് 100 വാട്ട് | 204 | 155 | 31620 |
| സാധാരണ ലാമ്പ് 40 വാട്ട് | 29 | 61 | 1769 |
| സോഡിയം വേപ്പർ ലാമ്പ് 250 വാട്ട് | 16 | 414 | 6624 |
| സി.എഫ്.എൽ 1*18 വാട്ട് | 267 | 12 | 3204 |
| ഫ്ലൂറസന്റ് ട്യൂബ് 2*40 വാട്ട് | 3 | 124 | 372 |

100 വാട്ടിന്റെ 204 ഉം, 40 വാട്ടിന്റെ 29 ഉം വിളക്കുകളുണ്ട്. ഇവ മാറ്റി പകരം സി.എഫ്.എൽ/എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുകയാണെങ്കിൽ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുറഞ്ഞത് 30593 രൂപ (70%) കുറവ് വരുത്താവുന്നതാണ്.

| ലാമ്പ് | എണ്ണം | നിലവിലെ പ്രതിമാസ നിരക്ക് | സി.എഫ്.എൽ /എൽ.ഇ.ഡി യുടെ നിരക്ക് | പ്രതീക്ഷിത ലാഭം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സാധാരണ ലാമ്പ് 100 വാട്ട് | 204 | 204*155 = 31620 | 204*12 = 2448 | 29172 |
| സാധാരണ ലാമ്പ് 40 വാട്ട് | 29 | 29*61=1769 | 29*12= 348 | 1421 |
| ആകെ | | | | 30593 |

2013-14,2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച അപാകതകൾക്ക് നാളിതുവരെ പരിഹാരനടപടികൾ സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സാധാരണ ലാമ്പുകൾ മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ തനതുഫണ്ടിൽ നിന്ന് വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കുന്ന തുകയിൽ ഗണ്യമായ കുറവ് വരുത്താവുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും മുൻകൈ എടുക്കേണ്ടതാണ്.

2. തെരുവുവിളക്കുകളുടെ ഭൗതിക പരിശോധന നടത്തി കണക്കുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

3. പ്രകാശിക്കാത്ത വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
4. തെരുവു വിളക്കുകളുടെ വൈദ്യുത ഉപഭോഗം കണക്കാക്കുന്നതിനായി മീറ്റർ സ്ഥാപിക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.
5. 25-8-2016 ലെ A3-1020/2016 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർ, കെ.എസ്.ഇ.ബി കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം, അമ്പലപ്പാറ, കോതാകുറിശ്ശി എന്നിവർക്കും, 22-9-2016 ലെ ഇതേ നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ, കെ.എസ്.ഇ.ബി, ഷൊർണ്ണൂരിനും അടിയന്തിരമായി സംയുക്ത പരിശോധന നടത്തുവാൻ ആവശ്യപ്പെട്ട് കൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചു. സംയുക്ത പരിശോധന നടത്തിയതിനു ശേഷമുള്ള വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 3-4 തെരുവുവിളക്കുകളുടെ അറ്റകുറ്റപണി നടത്തുവാനായി വാങ്ങുന്ന സാമഗ്രികളുടെ സ്റ്റോക്ക് വിവരം കൃത്യമായി സൂക്ഷിക്കുന്നില്ല

- പ്രോജക്ട് നം. 182/16-സ്ട്രീറ്റ് ലൈറ്റ് റിപ്പയർ
- അടങ്കൽ - 236400 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)
- ചെലവ് തുക – 236257

തെരുവ് വിളക്ക് റിപ്പയറിന് ശ്രീ. സുരേഷ്ബാബു, ഇലക്ട്രിക്കൽ കോൺട്രാക്ടർ, പുഞ്ചപ്പാടം എന്നയാൾക്ക് വാർഷിക അറ്റകുറ്റപണികൾക്ക് കരാർ നൽകിയിട്ടുണ്ട്. 10-2-15 മുതൽ 10-2-16 വരെ 6 മാസത്തിലൊരിക്കൽ പഞ്ചായത്തിലെ 13 വാർഡുകളിലെ മെമ്പർമാരും തങ്ങളുടെ വാർഡുകളിൽ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ടെന്നും, എല്ലാ തെരുവ് വിളക്കുകളും പ്രകാശിക്കുന്നുണ്ടെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലും എത്ര തെരുവ് വിളക്കുകളാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമല്ല.

28.9.2016 ലെ ഓഡിറ്റ് അന്വേഷണം 10 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരൻ നേരിട്ട് സാധനങ്ങൾ വാങ്ങി റിപ്പയർ ചെയ്യുന്നതിനാലാണ് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതുമായിബന്ധപ്പെട്ട വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതിരുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി അറിയിച്ചു. 2015-16 ൽ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുവേണ്ടി മാത്രം 236257 രൂപ കരാറുകാരന് നൽകിയിട്ടുള്ളതിന്റെ കൃത്യത പരിശോധിക്കേണ്ട ചുമതല നിർവ്വഹണോദ്യോഗസ്ഥന് ഉണ്ടെന്നതിനാൽ കരാറുകാരൻ നേരിട്ട് വാങ്ങുന്ന സാമഗ്രികളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. റിപ്പയറിനു ശേഷമുള്ള പഴയ വിളക്കുകൾ പഞ്ചായത്തിനെ ഏൽപ്പിക്കുവാൻ നിർദ്ദേശിക്കുകയും, അവയുടെ കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 3-5 തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപണി ഏറ്റെടുത്ത കരാരുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല

പ്രോജക്ട് നം. 82/16-സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

അടങ്കൽ - 236400 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് തുക – 236257 രൂപ

തെരുവ് വിളക്ക് റിപ്പയറിന് ശ്രീ. സുരേഷ്ബാബു, ഇലക്ട്രിക്കൽ കോൺട്രാക്ടർ, പുഞ്ചപ്പാടം എന്നയാൾക്ക് വാർഷിക അറ്റകുറ്റപണികൾക്ക് കരാർ നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ച് നൽകിയ തുകയുടെ വിവരം താഴെ കാണിച്ചപ്രാകാരമാണ്.

| ബിൽ നമ്പർ & തിയതി | തുക | ഈടാക്കേണ്ട നികുതി (1%) |
|---|---|---|
| 30/15-16 തിയതി 25.11.15 | 76421 | 764.21 |
| 38/15-16 തിയിതി 15.3.16 | 159836 | 1598.36 |
| ആകെ | 236257 | 2362.57 |

കരാരുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ആദായ നികുതി 2363 രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 വികലാംഗകർക്ക് സ്കോളർഷിപ്പ് - തനത്ഫണ്ട് അക്കൗണ്ടിൽ ബാക്കിയുള്ള 18900/-രൂപ തിരികെ അടവാക്കേണ്ടതാണ്

പ്രൊജക്റ്റ് നം.- 21/15-16 – വികലാംഗകർക്ക് സ്കോളർഷിപ്പ് (ജ)
നിർവ്വഹണം-ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ-2,50000 (പ്ലാൻ ഫണ്ട്-150000/- ബ്ലോക്ക് ഷെയർ-100000/-)

വികലാംഗകർക്ക് സ്കോളർഷിപ്പ് വിതരണം നടത്തുന്നതിന് ശ്രീകൃഷ്ണപുരം ബ്ലോക്ക്

പഞ്ചായത്തിൽ നിന്നും പഞ്ചായത്തിന് ലഭിച്ച ഒരു ലക്ഷം രൂപയിൽ വൗച്ചർ നം 21500912 തിയതി 19/3/2016 (ചെക്ക് നം.1587101017079, തിയതി 19/3/2016, കനറാ ബാങ്ക്) പ്രകാരം 81100/- രൂപയാണ് 18 കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തിയിട്ടുള്ളത്. ബാക്കിയുള്ള 18900/-രൂപ ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുകയാണ്. തുക തിരികെ അടവാക്കേണ്ടതാണ്.

# 3-7 വീടുകൾ വാസയോഗ്യമല്ലാത്തതിന് സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്റ്റ് നം.-13/16 (ജനറൽ)-ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണം

അടങ്കൽ-2600000/- രൂപ

യൂണിറ്റ് നിരക്ക് - 200000 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

സർക്കുലർ നം 23983/ഡി.എ1/2007/ത.സ്വ.ഭ.വ തിയതി 30/7/2007 പ്രകാരം വീടുകളുടെ കാലപഴക്കം വി.ഇ.ഒ/ഓവർസിയർ പരിശോധിച്ച് കണക്കാക്കുകയും വാസയോഗ്യമല്ലെങ്കിൽ "വാസയോഗ്യമല്ലാ" യെന്ന സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് പുതിയ വീട് അനുവദിക്കാവുന്നത്. ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ പദ്ധതിയുടെ രേഖകളിൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തി. ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-8 വിവാഹ ധനസഹായം - ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തേണ്ടതാണ്

പ്രൊ.നം. 6/16

അടങ്കൽ - 5 ലക്ഷം (എസ്.സി.പി)

ചെലവ് - 4.5 ലക്ഷം

ബിൽ നം. 3/15-16/14-10-2015 - 250000

7/15-16/14-1-2016 - 100000

11/15-16/22-2-2016 - 100000

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

എസ്.സി പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകുന്നതിനുള്ള പദ്ധതി പ്രകാരം 9 പേർക്ക് 50000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 50000 രൂപയാണ്. വരുമാനം കണക്കാക്കുമ്പോൾ എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനങ്ങളും ഉൾപ്പെടുത്തേണ്ടതാണെന്ന് സ.ഉ(എം.എസ്)നം. 76/2012/ സാ.നീ.വ തിയതി 26-12-2012 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കുടുംബവിഹിതമോ, മാതാവിന്റേയോ പിതാവിന്റേയോ ഇഷ്ടദാനമോ പെൺകുട്ടിയുടെ പേരിൽ ഉള്ള ധനം ഉൾപ്പെടെ വരുമാനം കണക്കാക്കുവാൻ പരിഗണിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പമുള്ള ആഭരണങ്ങൾ വാങ്ങിയതിന്റെ ബില്ലുകളിൽ മാത്രം 50000 രൂപയിൽ കൂടുതൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആഭരണങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സ് നം./തിയതി | ബിൽ തുക |
|---|---|---|---|
| 1 | ശ്രീമതി.വിജയലക്ഷ്മി, മുണ്ണൂർക്കോട് | 10173/9-5-2015 | 128017 |
| 2 | ശ്രീമതി.ഉഷാകുമാരി, പൂക്കോട്ടുകാവ് | 1346/9-5-2015<br>1348/9-5-2015<br>2953/11-5-2015 | 15169<br>13486<br>35000<br>--------------<br>63655 |

അർഹരായ ഗുണഭോക്താക്കൾക്ക് മാത്രമാണ് ധനസഹായം നൽകുന്നതെന്ന്

ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.10 തീ.27-09-2016 ന് ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷങ്ങളിൽ ഇത്തരം അപാകതകളില്ലാതെ പദ്ധതി നടപ്പാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 3-9 കുടുംബശ്രീ അക്കൗണ്ടിൽ ചെലവാക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് വിനിയോഗിക്കേണ്ടതാണ്

കുടുംബശ്രീ അക്കൗണ്ടിൽ മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച 457960 രൂപയും, ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച 208000 രൂപയും 31-3-2016 ലെ നീക്കിയിരിപ്പായുണ്ട്. തുക അടിയന്തിരമായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയോ സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

# 3-10 സാന്ത്വനചികിത്സാ പദ്ധതിയ്ക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല

പ്രൊ.നം.16/16- പെയ്ൻ&പാലിയേറ്റിവ് കെയർ

അടങ്കൽ:450000/- (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

പെയ്ൻ&പാലിയേറ്റിവ് കെയർ പദ്ധതിയുടെ ഭാഗമായി രോഗികൾക്കു മരുന്നു വാങ്ങുന്നതിലേക്കായി ട്രഷറി ബിൽ നം.6/15-16 തീ.15-03-16 പ്രകാരം 78949/-രൂപ പിൻവലിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമ, പാലക്കാടിന് നൽകിയിട്ടുണ്ട് (ഡി.ഡി നം.389568 തീ.16-03-2016). രോഗികളുടെ ആവശ്യത്തിനനുസരിച്ചാണ് മരുന്നുകൾ ആവശ്യപ്പെടുന്നത്. എന്നാൽ ആവശ്യപ്പെട്ട മരുന്നുകൾ പല ഘട്ടങ്ങളിലായാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമ, പാലക്കാട് സപ്ലൈ ചെയ്തിട്ടുള്ളത്.

| ബിൽ നം., തീയതി | ബിൽ തുക |
|---|---|
| 6839 തീ.28-04-16 | 27892 |

| | |
|---|---|
| 17631 തീ.09-06-16 | 15863 |
| 28646 തീ.15-07-16 | 19060 |
| ആകെ | 62815 |

മുൻകൂർ നൽകിയ തുകയിൽ 16134/- രൂപയുള്ള മരുന്നുകൾ ഓഡിറ്റ് തീയതി വരെയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമ, പാലക്കാട് സപ്ലൈ ചെയ്തിട്ടില്ല. അവശത അനുഭവിക്കുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# 3-11 എസ്.സി.പി ഫണ്ട് വിനിയോഗത്തിൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 9.3(ii) പ്രകാരം റോഡുകളുടെ കാര്യത്തിൽ പട്ടികജാതി വിഹിതം കോളനികൾക്കുള്ളിലെ റോഡുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കോളനിയിലേക്കുള്ള റോഡുകൾക്ക് ജനറൽ ഫണ്ട് വിനിയോഗിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ പട്ടികജാതി കോളനികളിലേക്കുള്ള റോഡുകൾക്കായി എസ്.സി.പി ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 50 ശതമാനത്തിൽ അധികം പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന പ്രദേശത്തെ റോഡ് പ്രവൃത്തികളാണ് ഇപ്രകാരം നിർവ്വഹിച്ചിട്ടുള്ളത്. കോളനികൾക്കുള്ളിലെ റോഡുകൾക്ക് മാത്രമായി എസ്.സി.പി ഫണ്ട് വിനിയോഗം പരിമിതപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-12 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പരിഗണിക്കണം

എ) സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13 (xiv) പ്രകാരം പ്രൊജക്റ്റിനോടൊപ്പം

എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, അബസ്ട്രാക്റ്റ് എസ്റ്റിമേറ്റ്, ലൊക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ്, ആവശ്യമായ സംഗതികളിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ നിർദ്ദേശിക്കപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയിട്ടില്ല. സുഗമ സോഫ്റ്റ് വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ആരംഭിച്ചിട്ടില്ല.

ബി) 2015-16 വർഷത്തെ എല്ലാ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടേയും എസ്റ്റിമേറ്റിലെ ഇനം 1 ആയി ഡി.എസ്.ആർ 2014 ലെ 2.28.1 കോഡ് അനുസരിച്ചുള്ള 'Surface dressing of the ground including removing the vegetation and in-equalities .... " ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എല്ലാ പ്രവൃത്തികളിലും ഈ ഇനം ഉപേക്ഷിച്ചിട്ടുണ്ട്. പ്രവൃത്തിയിൽ ഈ ഇനം അത്യാവശ്യമില്ലായിരുന്നുവെങ്കിൽ എസ്റ്റിമേറ്റിൽ നിന്ന് ഒഴിവാക്കേണ്ടതായിരുന്നു.

സി) പ്രവൃത്തി നടത്തുന്ന കോൺട്രാക്ടറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രോജക്റ്റ് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഡിസ്പ്ലേ ബോർഡിനു വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാൻ അനുമതിയുണ്ടെങ്കിലും 2015-16 വർഷത്തിൽ പൂർത്തീകരിച്ച 70 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലും ഈ ആവശ്യത്തിനായി തുക വകയിരുത്തിയിട്ടില്ല.
എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യത പാലിക്കുവാൻ എഞ്ചിനിയറിംഗ് വിഭാഗം ശ്രദ്ധിക്കേണ്ടതാണ്.

## 3-13 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ തയ്യാറാക്കുന്നതിൽ ശ്രദ്ധക്കുറവ്

2015-16 വർഷത്തിൽ അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രധാന ഇനം ഡി.എസ്.ആർ 2014 ലെ 16.42 കോഡ് അനുസരിച്ചുള്ള 40 mm മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ആണ്. ഇതനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം തയ്യാറാക്കിയ ബില്ലുകളിലും ചില അളവു പുസ്തകങ്ങളിലും 40mm മെറ്റൽ എന്നതിനു പകരം 20mm മെറ്റൽ എന്ന് തെറ്റായിട്ടാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരമുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ടെണ്ടറുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതം

2015-16 വർഷത്തിൽ 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള 70 മരാമത്ത് പ്രവൃത്തിൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ എല്ലാ പ്രവൃത്തികളിലും രണ്ട് പേർ വീതമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. എല്ലാ പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടർ ഉറപ്പിച്ച നൽകിയിട്ടുള്ളത്.

സ.ഉ(പി)നം.524/15/ധന തിയതി 17-11-2015 പ്രകാരം 5 ലക്ഷം രൂപ വരെയുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കിയിട്ടുണ്ട്. 2015-16 വർഷത്തിൽ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ 5 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച 'പി.എച്ച്.സി നവീകരണം' എന്ന പ്രവൃത്തി മാത്രമാണ് ഇ-ടെണ്ടറിന്റെ പരിധിയിൽ ഉണ്ടായിരുന്നത്. ആദ്യ തവണ ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായത്. തുടർന്ന് പുനർ ടെണ്ടർ നടത്തിയെങ്കിലും ആരും തന്നെ ടെണ്ടർ സമർപ്പിച്ചില്ല.
ടെണ്ടറുകളിൽ കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് മത്സരം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 3-15 തെരുവു നായ്ക്കളുടെ വന്ധ്യംകരണം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രൊജക്റ്റ് നം.- 137/16

ബിൽ നം. 03/15-16/ 22/3/2016, തുക-100000/-

2015-16 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'തെരുവ് നായ്ക്കളുടെ വന്ധ്യംകരണം' എന്ന പദ്ധതിക്കു വേണ്ടി വെറ്ററിനറി സർജ്ജൻ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ പിൻവലിച്ച് ഡി ഡി നം. 389833 തിയതി 23/3/2016 പ്രകാരം സെക്രട്ടറി, പാലക്കാട് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം

ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

# 3-16 പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിനായി നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

8-6-2015 ലെ ജി.ഒ.(എം.എസ്) നമ്പർ 188/2015/LSGD സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-6 ഒറ്റപ്പാലത്തിന് 10000 രൂപ 22-3-2016 ലെ ഡി.ഡി. നമ്പർ 389741 പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 ജവഹർലാൽ നെഹ്റു ജയന്തി ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

പ്രൊജക്റ്റ് നം.-13/16 (ജനറൽ)

അടങ്കൽ-2600000/- രൂപ

യൂണിറ്റ് നിരക്ക് - 200000 രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭാഗികമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര്/ വാർഡ് | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | പുഷ്പ.കെ<br>വാർഡ്-2 | 160000/- | 40000/- |

| | | | |
|---|---|---|---|
| 2 | പ്രിയ<br>വാർഡ്-12 | 160000/- | 40000/- |
| 3 | സുചിത്ര<br>വാർഡ്-13 | 160000/- | 40000/- |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-18 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ- അവലോകനം

പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തിയതിന്മേലുള്ള വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ അങ്കണവാടികളുടെ എണ്ണം | 16 |
| അങ്കണവാടികളുടെ ജീവനക്കാരുടെ വിവരം | സൂപ്പർവൈസർ -1<br>വർക്കർമാർ -16<br>ഹെൽപ്പർമാർ -16 |
| സ്വന്തം കെട്ടിടമുള്ളവ | 14 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 2 |
| വൈദ്യുതി കണക്ഷനുള്ളവ | 12 |

| | |
|---|---|
| സ്വന്തം കെട്ടിടമുള്ളതിൽ ചുറ്റു മതിലില്ലാത്തവ | 6 |
| കുടിവെള്ള സൗകര്യമില്ലാത്തവ | ഇല്ല |
| ഗ്യാസ് കണക്ഷനുള്ളവ | 16 |
| ടോയ്‌ലറ്റ് സൗകര്യമുള്ളവ | 16 |
| വെൽഫെയർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ? | ഉണ്ട് |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിനുള്ള തുടർപദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

# 3-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. 2015-16 വർഷത്തെ പദ്ധതി നടത്തിപ്പു രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിശദാംശം | 2015-16 |
|---|---|---|

| | | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2645 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2645 |
| 3 | തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 183 |
| 4 | തൻ വർഷത്തെ ആകെ അടങ്കൽ | 15173547 |
| 5 | തൻ വർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 139 |
| 6 | തൻ വർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 82 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | ഇല്ല |
| 8 | തൻ വർഷത്തെ വരവ് | 12203706 |
| 9 | തൻ വർഷത്തെ ചെലവ് | 12212892 |
| 10 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1090 |
| 11 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 252 |
| 12 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്? തൊഴിൽ രഹിത വേതനം നൽകിയത് എത്ര | ഇല്ല |

| | | |
|---|---|---|
| | പേർക്ക്? നൽകിയ തുക | |
| 13 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക. | (1) 25000 |
| 14 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ടോ? | ഉണ്ട് |
| 15 | തൻ വർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര് / എണ്ണം) | ഇല്ല |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം / വർഷം | 10/15 |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, എണ്ണം ) | ഇല്ല |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2015-16 |
|---|---|---|

| | | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് ജല സംരക്ഷണം | 45 | 8005590 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 1 | 7790 |
| 3 | ചെറുകിട ജലസേചനം | 22 | 1165950 |
| 4 | പട്ടിക ജാതി -പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം,ഭൂവികസനം | 52 | 481984 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 14 | 2089550 |
| 6 | ഭൂവികസനം | 3 | 82040 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 2 | 33280 |
| | ആകെ | 139 | 11866184 |
| | മറ്റു ചെലവുകൾ | | 346708 |
| | ഒട്ടാകെ | | 12212892 |

<u>അവലോകനം</u>

2015-16 സാമ്പത്തിക വർഷത്തെ പദ്ധതിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൻമേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | | 2015-16 |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രാകാരം ചെലവഴിക്കാൻ ലക്ഷ്യമിട്ട തുക | 15173547 |
| | ചെലവഴിച്ച തുക | 12212892 |
| | ശതമാനം | 80 % |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2645 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | ലെ നിർദ്ദേശ1090 |
| | ശതമാനം | 41% |
| 3 | 100 തൊഴിൽ ദിനം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 252 |
| 4 | തൻ വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ | ഇല്ല |

സ.ഉ(സാധാ)1650/15/തസ്വഭവ തിയതി 1-6-2015 പ്രകാരം എം.എൻ.ആർ.ഇ.ജി.എ തൊഴിലാളി ഗ്രൂപ്പുകൾ രൂപീകരിച്ച് പാട്ടത്തിന് ഭൂമി എടുത്ത് കൃഷി ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആയതനുസരിച്ചുള്ള തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ശ്രീകൃഷ്ണപുരം | 2015-16 | 117000 | സമൃദ്ധി | 117000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | | | |
| ജില്ലാപഞ്ചായത്ത് | 2015-16 | 195000 | സമൃദ്ധി | 19500 | 0 |
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | സ്കോളർഷിപ്പ് | 81100 | 18900 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുകയൊന്നും കൈമാറിയിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 2009-10 | 3-2 | 11500 | ശ്രീ.ടി.സഹദേവൻ, സെക്രട്ടറി | 115011 01898/ 12-3-2016 | സർചാർജ്ജ് നോട്ടീസ് നം.KSA-13434/Sp. Cell/CSC-D3/ 2015 dated 19-12-15 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകൾ ഒന്നും 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 27742248 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30924711 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 101205 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 97580 | ശ്രീ.എ.ശശിധരൻ നായർ, അസി.സെക്രട്ടറി |
| 3-2 | | 3625 | ശ്രീ.എ.ശശിധരൻ നായർ, അസി.സെക്രട്ടറി |
| | ആകെ | 101205 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-5 – 2363 രൂപ (ആദായ നികുതി-കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം)
ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപ്പേരും – ശ്രീ.പി.സെയ്തലവി, സെക്രട്ടറി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്
വിലാസം
പാലൊളി വീട്, വിളയൂർ (പി.ഒ), പാലക്കാട്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.എ.ശശിധരൻ നായർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | ശശീന്ദ്രം, ന്യൂ ടിസി- 96.70, നീയർ പ്രിയദർശിനി നഗർ, MCPO, തിരുവനന്തപുരം-695011 |
| ശ്രീ.പി.സെയ്തലവി, സെക്രട്ടറി | സെക്രട്ടറി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | പാലൊളി വീട്, വിളയൂർ (പി.ഒ), പാലക്കാട് |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | LFP12/354/2012/ 16.3.2012 | 11 | |
| 1997-98 | KSA-PKD12/1059/15/12.10.15 | മുഴുവനും | |
| 1998-99 | LFP8/205/08/30.6.09 | 3 | |
| 1999-2000 | LFP8/206/08/30.6.09 | 5 | |

| | | | |
|---|---|---|---|
| 2000-01 | LFP8/207/08/30.6.09 | 2 | |
| 2001-02 | LFP8/208/08/30.6.09 | 4 | |
| 2002-03 | LFP12/251/13/3.4.13 | 6 | |
| 2003-04 | LFP8/210/08/30.6.09 | 7 | |
| 2004-05 | LFP8/211/08/30.6.09 | 10 | |
| 2005-06 | LFP12/2232/12/24.5.13 | 10 | |
| 2006-07 | LFP12/1434/14/5.2.15 | 7 | |
| 2007-08 | LFP12/2232/12/24.5.13 | 8 | |
| 2008-09 | KSA-PKD12/1331/15/17.9.15 | 12 | |
| 2009-10<br>2010-11 | KSA13434/Spl.Cell/CSC/D3<br>/15/19.12.15 | 11 | |
| 2011-12 | LFP12/1582/14/11.11.14 | 15 | |
| 2012-13 | KSA/PKD12/931/15/20.10.15 | 18 | |
| 2013-14&<br>2014-15 | KSA/PKD12/233/16/<br>11.4.16 | 32 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ-പികെഡി.12 /1882 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -15/10/2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-12/1882 /2016

Kerala State Audit Department

District Audit Office, Palakkad

Date : 15/10/2016

Audit Certificate

Certified that I have audited the Annual Financial Statement of Pookkotttukavu Grama Panchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pookkotttukavu Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director